**ശ്രദ്ധ ക്ഷണിക്കൽ**

(1) 'ആയുഷ്മാൻ ഭാരത്' പദ്ധതി

ശ്രീ. ജെയിംസ് മാത്യു: സർ, ജനങ്ങളുടെ വിശ്വാസവും പ്രശംസയും നേടി, ഇന്ത്യയ്ക്ക് മാതൃകയാകാനും ലോകശ്രദ്ധ പിടിച്ചുപറ്റാനും ആരോഗ്യ മേഖലയിലെ നമ്മുടെ പ്രവർത്തനങ്ങൾക്ക് സാധിക്കുന്നുണ്ട്. നിരന്തരവും ശക്തവുമായ കച്ചവടവത്കരണം മൂലം സ്വകാര്യ മേഖല കേരളത്തിലെ ഭൂരിപക്ഷം വരുന്ന സാധാരണക്കാരന് തീർത്തും അപ്രാപ്യമാവുകയാണ്. വൻകിട സ്റ്റാർ ഹോസ്പിറ്റലുകൾ വർദ്ധിച്ച തോതിൽ വരുന്നതോടുകൂടി ചെറുകിട ആശുപത്രികളും തനിച്ച് പ്രാക്ടീസ് ചെയ്യുന്ന ഡോക്ടർമാരും തീർത്തും ഇല്ലാതാകുകയാണ്. ഈ സാഹചര്യത്തിലാണ് പ്രൈമറി ഹെൽത്ത് സെന്ററുകൾ മൂന്ന് ഡോക്ടർമാരുടെ സേവനത്തോടുകൂടി കുടുംബ ആരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നത് ഏറെ പ്രസക്തമാകുന്നത്. മഴക്കാലപൂർവ്വ ശുചീകരണവും രോഗപ്രതിരോധ പ്രവർത്തനങ്ങളും ജനങ്ങളാകെ ഏറ്റെടുക്കുകയാണെന്നതും അഭിമാനകരമാണ്. നിതാന്ത ജാഗ്രതയോടെ ഡോക്ടർമാർ ഉൾപ്പെടെ, ആരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്ന മുഴുവൻ ആളുകളും ഒത്തുചേർന്ന് നടത്തുന്ന പ്രയത്നം സംസ്ഥാനത്തെ ഓരോ

മനുഷ്യജീവനെയും കരുതലോടെ സംരക്ഷിക്കുന്ന പ്രയത്നമായി മാറുകയാണ്. ഞാൻ ഈ സഭയുടെ ശ്രദ്ധ ക്ഷണിക്കാൻ ആഗ്രഹിക്കുന്നത് ആദരണീയനായ കെ. എം. മാണി സാർ അന്തരിച്ചതിനെത്തുടർന്ന് സഭയിൽ ചരമോപചാര പ്രസംഗം നടത്തുന്ന അവസരത്തിൽ കാരുണ്യ ബെനവലന്റ് ഫണ്ട് നിർത്തൽ ചെയ്യുന്ന എന്നുള്ളതിനെ അടിസ്ഥാനപ്പെടുത്തിയാണ്. ആ ചരമോപചാര പ്രസംഗത്തിനിടയിലും പ്രതിപക്ഷം ഗവൺമെന്റിന്റെ ഈ തീരുമാനത്തെ കുറ്റപ്പെടുത്തി പറയുകയുണ്ടായി. യഥാർത്ഥത്തിൽ ആ കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് സർക്കാർ ആവിഷ്കരിച്ച് 2019 ഏപ്രിൽ മാസം 1 മുതൽ സംസ്ഥാനത്ത് നടപ്പാക്കുന്ന 'കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി' അതേ പേരിൽത്തന്നെ നടപ്പാക്കുന്നതിന്റെ ഉള്ളടക്കത്തെക്കുറിച്ച് അറിയാത്ത പ്രതിപക്ഷ നേതാവോ പ്രതിപക്ഷങ്ങളോ അല്ല അത്തരമൊരു ആരോപണം, വിശേഷിച്ചും ഒരു ചരമോപചാര പ്രസംഗത്തിനിടയിൽ ഉന്നയിച്ചതെന്ന് കരുതാനാവില്ല. കാര്യങ്ങൾ മനസ്സിലാക്കിക്കൊണ്ട് തികച്ചും സഭയെയും ജനങ്ങളെയും തെറ്റിദ്ധരിപ്പിക്കുന്ന ഒരു നിലപാടാണത്. യഥാർത്ഥത്തിൽ കാരുണ്യ ബെനവലന്റ് ഫണ്ടിനെ ആരും എതിർത്തിരുന്നില്ല, സ്വാഗതം ചെയ്തിരുന്നു. എന്നാൽ, ആജീവനാന്തം രണ്ട്

ലക്ഷം രൂപ മാത്രം കിട്ടാനിടയുള്ള ആ പദ്ധതിക്കുപകരം പുതിയ 'കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി'യിലൂടെ ഒരു വർഷം തന്നെ അഞ്ച് ലക്ഷം രൂപയുടെ കവറേജാണ് അതിന്റെ പരിധിയിൽ വരുന്ന വ്യക്തികൾക്ക് ലഭിക്കുന്നത്. യഥാർത്ഥത്തിൽ ഇത്രമാത്രം സൗകര്യപ്രദമായ ഒരു പദ്ധതി ആവിഷ്കരിച്ച സന്ദർഭത്തിൽ പ്രതിപക്ഷം അതിനെ വികലമായി ചിത്രീകരിക്കാൻ നടത്തിയിട്ടുള്ള ശ്രമം ഒരുപക്ഷേ ഈ സഭയ്ക്കകത്ത് തുറന്ന് കാണിക്കാൻ ഇതുപോലെയുള്ള സന്ദർഭത്തിലൂടെ സാധിച്ചെന്നിരിക്കും. എന്നാൽ ഇന്ത്യൻ പ്രധാനമന്ത്രി, രണ്ടാമത് തെരഞ്ഞെടുക്കപ്പെട്ടതിനെത്തുടർന്ന് ആദ്യമായി കേരളം സന്ദർശിച്ച അവസരത്തിൽ പറഞ്ഞ ഒരു കാര്യം എത്രമാത്രം അബദ്ധജഡിലമാണെന്ന് മാത്രമല്ല, ഈ കേരളീയ ജനതയെയാകെ അപമാനിക്കുന്നതുമാണ്. 'ആയുഷ്മാൻ ഭാരത് ' പദ്ധതി സംസ്ഥാനത്ത് നടപ്പാക്കാത്തതുകൊണ്ടാണ് ആളുകൾക്ക് അതിന്റെ പ്രയോജനം ലഭിക്കാതെ പോയത് എന്നാണ് ഇന്ത്യൻ പ്രധാനമന്ത്രി സംസ്ഥാനത്ത് നടത്തിയ പ്രസംഗത്തിൽ സൂചിപ്പിച്ചത്. യഥാർത്ഥത്തിൽ 2018 നവംബറിൽത്തന്നെ 'ആയുഷ്മാൻ ഭാരത് ' പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതിനാവശ്യമായ MoU വച്ച് അതിന്റെ പ്രയോജനം ആളുകൾക്ക് ലഭിക്കുന്നതിനുള്ള പ്രവർത്തനം

സംസ്ഥാന സർക്കാർ ആരംഭിച്ച എന്നുള്ളത് അദ്ദേഹം മനസ്സിലാക്കാത്തതെന്തുകൊണ്ടാണെന്ന് അറിയില്ല. എന്നാൽ യഥാർത്ഥത്തിൽ ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ ഞാൻ ഉന്നയിക്കാൻ ആഗ്രഹിക്കുന്നത് 'ആയുഷ്മാൻ ഭാരത് പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയാൽ.. ഇപ്പോൾ അത് നടപ്പാക്കുന്നതിനുള്ള ഒരു MoU സർക്കാർ വച്ചിട്ടുണ്ട്. എന്നാൽ ആ MoU പ്രകാരം മാത്രമാണ് സർക്കാർ ചെയ്യുന്നതെങ്കിൽ, ഇന്ത്യയ്ക്കകത്ത് വിവിധ സംസ്ഥാനങ്ങളിൽ 'ആയുഷ്മാൻ ഭാരത് പദ്ധതി നടപ്പാക്കുന്ന വിധത്തിൽ ഈ സംസ്ഥാനവും അത് നടപ്പാക്കാൻ നിശ്ചയിക്കുന്നതെങ്കിൽ ഏതാണ്ട് നാൽപ്പത്തിയൊന്ന് ലക്ഷം ആളുകൾക്ക് ഇന്ന് ലഭിക്കുന്ന ആരോഗ്യ സുരക്ഷാ പരിരക്ഷ കേവലം പതിനെട്ടോ പത്തൊൻപതോ ലക്ഷം ആളുകൾക്കായി ചുരുങ്ങിപ്പോകും. കേന്ദ്ര ഗവൺമെന്റിന്റെ ആരോഗ്യ സുരക്ഷാ പദ്ധതിയായ ഈ 'ആയുഷ്മാൻ ഭാരത് പദ്ധതി വിവക്ഷിക്കുന്നത് യഥാർത്ഥത്തിൽ നമ്മുടെ സംസ്ഥാനത്ത് വലിയൊരു ശതമാനം ആളുകൾക്ക് ഇന്ന് ലഭിച്ചുകൊണ്ടിരിക്കുന്ന ചിസ്, ചിസ് പ്ലസ് ഉൾപ്പെടെയുള്ള വിവിധ ആരോഗ്യ സുരക്ഷാ പദ്ധതിയിലൂടെ ലഭിക്കുന്ന സംരക്ഷണം ഇല്ലാതാക്കുകയാണ്. അത് മനസ്സിലാക്കാനുള്ള ഒരു ധാരണയോ കഴിവോ ഇല്ലാത്തയാളാണ് ഇന്ത്യയുടെ

പ്രധാനമന്ത്രിയെന്ന് ആർക്കാണ് കരുതാനാകുക? യഥാർത്ഥത്തിൽ ഈ കേരളത്തോട് അൽപ്പമെങ്കിലും മമതയുണ്ടെങ്കിൽ കേരളത്തിലെ നാൽപ്പത്തിയൊന്ന് ലക്ഷം വരുന്ന സാധാരണക്കാരായ ആളുകൾക്ക് 'ആയുഷ്മാൻ ഭാരത് പദ്ധതിയുടെ ഭാഗമായ സംരക്ഷണം ലഭിക്കുന്നതിനാവശ്യമായ വിധത്തിൽ അതിന്റെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുകയാണ് വേണ്ടത്. യഥാർത്ഥത്തിൽ പതിനെട്ട് ലക്ഷം ആളുകൾക്ക് മാത്രം അർഹതയുണ്ടാകാനിടയുള്ള ഒരു പദ്ധതി നാൽപ്പത്തിയൊന്ന് ലക്ഷം ആളുകൾക്ക് പരിരക്ഷയുള്ളതാക്കി മാറ്റുന്നതോടുകൂടി കോടിക്കണക്കിന് ഉറുപ്പിക... ഒരു പ്രീമിയത്തിന്റെ പേരിൽ 1041 രൂപയുടെ അറുപത് ശതമാനം സർക്കാർ എടുക്കേണ്ടതാണ്. അതിനുപുറമേയാണ് ഈ പുതിയ 'കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി'യിലൂടെ 1671 രൂപയ്ക്ക് ആവശ്യമായ, ഏതാണ്ട് 600 രൂപ കൂടി അതിനോടൊപ്പം കൂട്ടിച്ചേർക്കേണ്ടി വരുന്നത്. ഇത്രമേൽ അധികം തുക ഒരു സർക്കാർ കൊടുത്തുകൊണ്ട് കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഇരട്ടിയിലധികം ആളുകൾക്ക് കവറേജ് കിട്ടുന്ന വിധത്തിൽ നടപ്പാക്കിയിട്ടും ഇത്രമാത്രം അബദ്ധജഡിലമായി ഒരു നാട്ടിലെ ജനങ്ങളെയാകെ തെറ്റിദ്ധരിപ്പിക്കുന്ന വിധത്തിൽ എങ്ങനെയാണ് ഇന്ത്യൻ പ്രധാനമന്ത്രിക്ക് ഇത്

ചെയ്യാൻ സാധിക്കുന്നത്? തീർച്ചയായും ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നതിന് ഇവിടെ പ്രതിപക്ഷവും അവിടെ ഇന്ത്യൻ പ്രധാനമന്ത്രിയും നടത്തുന്ന ശ്രമത്തെ തികച്ചും സർക്കാർ ജനങ്ങളുടെ മുമ്പാകെ തുറന്ന് കാണിക്കുകയും ഒപ്പം കേന്ദ്രാവിഷ്കൃത പദ്ധതിയുടെ മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നതിന് കേന്ദ്ര സർക്കാരിനുമേൽ സമ്മർദ്ദം ചെലുത്തി കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഫലം നാൽപ്പത്തിയൊന്ന് ലക്ഷം ആളുകൾക്ക് ലഭിക്കത്തക്ക വിധത്തിൽ മാറ്റം വരുത്തുന്നതിനും സമ്മർദ്ദം ചെലുത്തുന്നതിലേയ്ക്കാണ് ഈ ശ്രദ്ധ ക്ഷണിക്കാൻ ഞാൻ ഉദ്ദേശിക്കുന്നത്.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, കേരളത്തിലെ ജനങ്ങളാകെ അറിയേണ്ട ഒരു വിഷയമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചിട്ടുള്ളത്. സംസ്ഥാന സർക്കാർ ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ ഭൂരിപക്ഷം ജനങ്ങളിലേയ്ക്കും എത്തിക്കാൻ തീരുമാനം എടുത്തിരിക്കുകയായിരുന്നു. അപ്പോഴാണ് കേന്ദ്ര ഗവൺമെന്റിന്റെ അയുഷ്മാൻ ഭാരത് പദ്ധതി വന്നത്. സമ്പൂർണ്ണ ആരോഗ്യ സുരക്ഷ സംവിധാനം പ്രഖ്യാപിക്കാൻ നമുക്ക് ഒരു കൊല്ലം കാത്തിരിക്കേണ്ടിവന്നു. അയുഷ്മാൻ

പദ്ധതി വന്നയുടൻതന്നെ കാര്യങ്ങൾ മനസ്സിലാക്കുകയും അതിനകത്ത് എങ്ങനെയാണ് നമുക്ക് ചേരാൻ സാധിക്കുകയെന്നത് പരിശോധിക്കുകയും ചെയ്തു. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ബഹുഭൂരിപക്ഷം കുടുംബങ്ങളും ഒഴിവായിപ്പോകുമെന്നതിനാൽ തുടക്കത്തിൽ നമുക്ക് ആ പദ്ധതിയിൽ ചേരാൻ കഴിഞ്ഞിരുന്നില്ല. കേന്ദ്ര ഗവൺമെന്റുമായി നിരവധി ചർച്ചകൾ നടത്തുകയും നമ്മൾ ഇപ്പോൾ കൊടുക്കുന്ന കുടുംബങ്ങളുടെ ആനുകൂല്യം നമുക്ക് ഉപേക്ഷിക്കാൻ പറ്റില്ലെന്ന് പറഞ്ഞുകൊണ്ടും 2018 നവംബറിൽ അയുഷ്മാൻ പദ്ധതിയിൽ ഒപ്പുവയ്ക്കുകയും സംസ്ഥാനത്തെ ജനങ്ങളുടെ ആനുകൂല്യങ്ങൾ നഷ്ടപ്പെടുത്താത്ത വിധം കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി എന്ന നിലയിൽ അതിന്റെ ഒരു ഭാഗമായിക്കൊണ്ട് കേരളത്തിന്റെ പദ്ധതി പ്രഖ്യാപിക്കുകയുമാണ് ചെയ്തത്. സംസ്ഥാന സർക്കാരിലും ചികിത്സാ ആനുകൂല്യങ്ങൾ കൊടുക്കുന്ന നിരവധി പദ്ധതികളുണ്ട്. ഒന്ന്, കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള ആർ.എസ്.ബി.വൈ. പദ്ധതി, ചിസ്, ചിസ് പ്ലസ്, എസ് ചിസ് തുടങ്ങി കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും കൊടുക്കുന്ന സഹായം. ഇതെല്ലാം കൂടി ചേർത്ത് 40.96 ലക്ഷം കുടുംബങ്ങൾക്കാണ് നമ്മൾ മൊത്തമായി ആരോഗ്യ സുരക്ഷ നൽകിയത്.

അതെല്ലാം കൂടി ഉൾപ്പെടുത്തിക്കൊണ്ടാണ് 2019-ൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയെന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ചത്. ആർ.എസ്.ബി.വൈ.യ്ക്ക് പകരമായി കേന്ദ്ര സർക്കാർ കൊണ്ടുവന്ന പദ്ധതിയാണ് ആയുഷ്മാൻ ഭാരത് പദ്ധതി. പ്രധാനമന്ത്രി ജൻ ആരോഗ്യ യോജന പദ്ധതിയെന്ന പേരിൽ സംസ്ഥാനത്ത് അതേപടി നമുക്ക് നടപ്പിലാക്കാൻ കഴിയില്ല. കേരളത്തിൽ നിലവിൽ ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമായിരുന്ന ബഹുഭൂരിപക്ഷം ജനങ്ങളും കേന്ദ്ര സർക്കാരിന്റെ ആയുഷ്മാൻ ഭാരത് പദ്ധതിയുടെ മാനദണ്ഡപ്രകാരം പദ്ധതിയിൽ നിന്ന് പുറത്താകുന്ന സാഹചര്യമാണുണ്ടായത്. കേന്ദ്ര മാനദണ്ഡപ്രകാരം പദ്ധതി നടപ്പിലാക്കുമ്പോൾ നിലവിൽ സോഷ്യോ ഇക്കണോമിക് ആന്റ് കാസ്റ്റ് സെൻസസ് 2011 (SECC) പ്രകാരം ദുർബലവിഭാഗങ്ങളായി കണക്കായിട്ടുള്ള 18.58 ലക്ഷം കുടുംബങ്ങൾക്ക് മാത്രമേ കേന്ദ്ര സർക്കാരിന്റെ ആയുഷ്മാൻ ഭാരത് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകുകയുണ്ടായിരുന്നുള്ളൂ. സംസ്ഥാന സർക്കാരിന്റെ ഇടപെടൽമൂലം ആർ.എസ്.ബി.വൈ. പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള അംഗങ്ങളെക്കൂടി ആയുഷ്മാൻ ഭാരത് പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് നമ്മൾ ആവശ്യപ്പെടുകയുണ്ടായി. അങ്ങനെ വർദ്ധിപ്പിച്ചാലും മുഴുവൻ കുടുംബങ്ങളെയും ഉൾപ്പെടുത്താൻ നമുക്ക്

സാധിക്കുമായിരുന്നില്ല. അപ്പോൾ ഈ 21.57 ലക്ഷം കുടുംബങ്ങളുടെ ആരോഗ്യസുരക്ഷ പരിഗണിക്കേണ്ടത് സംസ്ഥാന സർക്കാരിന്റെ ഉത്തരവാദിത്വമായി വരികയാണ് ചെയ്തത്. ഇതിൽ അസംഘടിത മേഖലയിലെ തൊഴിലാളി വിഭാഗങ്ങൾ, ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട മറ്റ് കുടുംബങ്ങൾ എന്നിങ്ങനെ പതിനൊന്ന് വിഭാഗങ്ങളിൽപ്പെട്ട കുടുംബങ്ങൾ ഉൾപ്പെടുന്നതാണ് കേന്ദ്ര സർക്കാർ ആവിഷ്കരിച്ച ആർ.എസ്.ബി.വൈ. ഇൻഷ്വറൻസ് പദ്ധതി. എന്നാൽ ആർ.എസ്.ബി.വൈ. പദ്ധതി വിഭാവനം ചെയ്യുന്ന ആനുകൂല്യങ്ങൾ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട 57 വിഭാഗങ്ങളെക്കൂടി ഉൾപ്പെടുത്തി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് ചിസ്. അതുപോലെ 60 വയസ് കഴിഞ്ഞവർക്ക് ആരോഗ്യ സുരക്ഷ കൂടുതലായി കൊടുക്കുന്നതിന് വേണ്ടിയാണ് എസ് ചിസ് പദ്ധതി സംസ്ഥാന സർക്കാർ ആരംഭിച്ചത്. അങ്ങനെയാണ് 2018-19-ൽ 40.96 ലക്ഷം കുടുംബങ്ങൾക്ക് ആനുകൂല്യം കൊടുക്കാൻ നമുക്ക് സാധിച്ചത്. നേരത്തെ 21.57 ലക്ഷം കുടുംബങ്ങൾക്കാണ് കേന്ദ്രത്തിന്റെ വിഹിതം ആർ.എസ്.ബി.വൈ.യിൽ തന്നിരുന്നത്, അതും നമ്മൾ നിർബന്ധം ചെലുത്തിയതിനുശേഷമാണ് അത്രയും കുടുംബങ്ങളെ ആർ.എസ്.ബി.വൈ.യിൽ

ഉൾപ്പെടുത്തിയിരുന്നത്. തുടക്കത്തിൽ 75 ശതമാനം കേന്ദ്ര വിഹിതം തന്നിരുന്നു. എന്നാൽ 2015-ന് ശേഷം അത് വെട്ടിക്കുറച്ച് 60:40 ആക്കി മാറ്റി. 60 ശതമാനം വിഹിതം കേന്ദ്രവും ബാക്കി 40 ശതമാനം വിഹിതം സംസ്ഥാനവും എടുക്കേണ്ടതായി വന്നിട്ടുണ്ട്. ഇതിൽ ആർ.എസ്.ബി.വൈ., ചിസ് പദ്ധതി പ്രകാരം ഒരു കുടുംബത്തിന് ഒരു വർഷം 30,000 രൂപയുടെ സൗജന്യ ചികിത്സയാണ് നൽകിയിരുന്നത്. സീനിയർ സിറ്റിസൺസിന് ഒരു വർഷം എസ് ചിസ് പദ്ധതിപ്രകാരം 30,000 രൂപ കൂടി അധികമായി കൊടുക്കാനുള്ള സ്കീമുണ്ടായിരുന്നു. അങ്ങനെയാണ് കൊടുത്തിരുന്നത്. മറ്റെല്ലാവർക്കും ഒരു വർഷം 30,000 രൂപയുടെ ചികിത്സാ ആനുകൂല്യമാണ് നൽകിയിരുന്നത്. 21.57 ലക്ഷം കുടുംബങ്ങൾ ഇൻഷ്വറൻസ് പ്രീമിയമായി 750/- രൂപയാണ് നൽകിയിരുന്നത് ബാക്കിയുള്ള തുക നമ്മൾതന്നെ എടുക്കേണ്ടതായി വന്നിട്ടുണ്ട്. അങ്ങനെയാണ് 1250/- രൂപ പ്രീമിയം അടയ്ക്കേണ്ടിടത്ത് അതിന്റെ 60 ശതമാനമായ 750/- രൂപ കേന്ദ്ര സർക്കാർ തന്നിരുന്നത്. സർക്കാർ ഇപ്പോൾ നടപ്പിലാക്കി വരുന്ന കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി വ്യക്തമായി ടെണ്ടർ വിളിച്ച് നടപടിക്രമങ്ങളിലേയ്ക്ക് പോയിട്ടുള്ള പദ്ധതിയാണ്. 1671/- രൂപയാണ് പ്രീമിയമായി അടയ്ക്കേണ്ടത്.

അതിൽ കേന്ദ്രഗവൺമെന്റിൽ നിന്നും ചെറിയ ഒരു ശതമാനം തുകയാണ് കിട്ടുന്നത്. ബാക്കി 80.11 ശതമാനം തുക കേരള ഗവൺമെന്റാണ് അടയ്ക്കുന്നത്. പ്രധാനമന്ത്രി ഇവിടെ വന്ന് നമ്മൾ പദ്ധതിയിൽ ചേർന്നില്ലായെന്ന് പറഞ്ഞത് തെറ്റിദ്ധരിച്ചതാണെന്നാണ് തോന്നുന്നത്. വലിയ ആനുകൂല്യമാണ് ആയുഷ്മാൻ പദ്ധതിയിൽ കിട്ടുന്നത് എന്ന രീതിയിലൊക്കെ പറഞ്ഞു. ആർ.എസ്.ബി.വൈ. പദ്ധതി അനുസരിച്ചുതന്നെ 62 ശതമാനം തുക നമ്മൾ എടുക്കണം, 60 ശതമാനത്തിൽ നമ്മുടെ ബാക്കിയുള്ള വിഭാഗങ്ങളെക്കൂടി ഉൾപ്പെടുത്തുമ്പോൾ 62 ശതമാനം വരും. പുതിയ പദ്ധതിപ്രകാരം 40 ലക്ഷം കുടുംബങ്ങൾക്ക് 80.11 ശതമാനം തുക കേരളവും 19.89 ശതമാനം തുക കേന്ദ്ര ഗവൺമെന്റുമാണ് നൽകുന്നത്. അപ്പോൾ ഏറ്റവും കൂടുതൽ തുക നമ്മളാണ് ഇതിൽ അടയ്ക്കുന്നത് അതുകൊണ്ട് കൂടുതൽ ജനങ്ങൾക്ക് ഉപകാരപ്രദമായ പദ്ധതിയാണിത്. എന്നാൽ ആയുഷ്മാൻ അതേപടി നടപ്പിലാക്കിയിരുന്ന എങ്കിൽ 19.89 ശതമാനം തുകയുടെ ആനുകൂല്യം മാത്രമേ ലഭ്യമാകുമായിരുന്നുള്ളൂ. കേരള ഗവൺമെന്റ് വളരെ വ്യത്യസ്തമായിട്ടുള്ള സമീപനം കൈക്കൊണ്ട്, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും ഇടപെട്ടുകൊണ്ട് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയെന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ചതുകൊണ്ടാണ് നമുക്ക്

ഇത്രയും പേർക്ക് ഈ ആനുകൂല്യം നൽകാൻ സാധിച്ചത്.

ശ്രീ. ജെയിംസ് മാത്യു: സർ, ഈ പദ്ധതിയെക്കുറിച്ച് വേണ്ടത്ര അറിവ് ഇന്ത്യൻ പ്രധാനമന്ത്രിക്കും നമ്മുടെ പ്രതിപക്ഷത്തിനും ഇല്ലാത്തതുമൂലം വലിയ തെറ്റിദ്ധാരണയാണ് ജനങ്ങൾക്കിടയിലുണ്ടായിട്ടുള്ളത്. അത് നീക്കം ചെയ്യുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഇത് ബഹുജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കുകയെന്നുള്ളത് തന്നെയാണ് നമ്മൾ ഉദ്ദേശിക്കുന്നത്. ഇപ്പോൾ എൻറോൾമെന്റ് നടക്കുന്ന സമയമാണ്. ഇതിൽ എൻറോൾ ചെയ്യാൻ അവസരം കൊടുക്കുന്നില്ല എന്നൊരു തെറ്റായ പ്രചരണം നടത്തിയിരുന്നു. ഇപ്പോൾ നല്ല രീതിയിൽ എൻറോൾമെന്റ് മുന്നോട്ടുപോകുകയാണ്. ഇലക്ഷൻ പ്രഖ്യാപിച്ചിരുന്ന സമയത്ത് വലിയ പദ്ധതികൾകൊണ്ട് എൻറോൾമെന്റ് നടത്താനുള്ള തടസ്സമുണ്ടായിരുന്നിട്ടുപ്പോലും ഇലക്ഷനുമുമ്പേ ഇതിന്റെ ആദ്യത്തെ കാർഡ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് വിതരണം ചെയ്യാൻ കഴിഞ്ഞു. അങ്ങനെ ആശുപത്രിയിൽ എത്തുന്ന പഴയ കാർഡുള്ള എല്ലാവർക്കും ആനുകൂല്യം കൊടുക്കാൻ സാധിച്ചു. അതുകൊണ്ട് പരാതി ഉണ്ടായിട്ടില്ല എന്നുള്ളതാണ് ഏറ്റവും ആശ്വാസകരമായുള്ള കാര്യം. എല്ലാവർക്കും ചികിത്സ ലഭിച്ചിട്ടുണ്ട്.

എന്നിട്ടും ചികിത്സ നിഷേധിക്കുന്നു എന്ന പ്രചരണമൊക്കെ ഇലക്ഷന്റെ സമയത്ത് നടത്തിയിരുന്നു. അത് പ്രശ്നമില്ല. രോഗികൾക്കാവശ്യമായ പരിഗണന ലഭിച്ചിട്ടുണ്ട്. ഇപ്പോൾ 33 ശതമാനം പേർ എൻറോൾ ചെയ്തുകഴിഞ്ഞു. ബാക്കിയുള്ളവർക്ക് അടിയന്തരമായി എൻറോൾ ചെയ്യുന്നതിനുള്ള സെന്ററുകൾ ആരംഭിച്ച് ദ്രുതഗതിയിൽ നടത്തുകയാണ്. ജനങ്ങളെ ഇതാകെ ബോധ്യപ്പെടുത്തുന്നതിന് നല്ല തോതിലുള്ള പ്രചരണം ആരോഗ്യ വകുപ്പ് നടത്തുന്നതാണ് .

(2) കാഞ്ഞിരപ്പള്ളി ബൈപാസ്

ഡോ. എൻ. ജയരാജ്: സർ, കാഞ്ഞിരപ്പള്ളി ബൈപാസ്സിന്റെ കാര്യം പറയാൻ എഴുന്നേറ്റപ്പോൾ തന്നെ ലൈറ്റ് പോയി. അതാണതിന്റെ അവസ്ഥ. കഴിഞ്ഞ 2007 മുതൽ ആരംഭിച്ചതാണ് ഈ ബൈപാസ്സിന്റെ നിർമ്മാണം. ഏതാണ്ട് 12 വർഷക്കാലത്തിന്റെ സുദീർഘമായ ചരിത്രമാണ് കിഴക്കൻ മേഖലയിലേയ്ക്കുള്ള വളരെ പ്രധാനപ്പെട്ട കവാടമായ കാഞ്ഞിരപ്പള്ളിയിലെ ഈ ബൈപാസ്സിനുള്ളത്. ഏതാണ്ട് ഒന്നര മണിക്കൂർ മുതൽ രണ്ട് മണിക്കൂറാണ് സാധാരണ ഗതിയിൽ കാഞ്ഞിരപ്പള്ളി ടൗണിൽ ഗതാഗത കുരുക്ക് അനുഭവപ്പെടുന്നത്. കാഞ്ഞിരപ്പള്ളിക്കാർ മാത്രമല്ല ഹൈറേഞ്ച് മേഖലയിലേയ്ക്ക്

പോകുന്ന മുഴുവൻ ആളുകളും എന്റെ പേര് പരാമർശിക്കാതെ കാഞ്ഞിരപ്പള്ളി വഴി കടന്നുപോകാറില്ല. കാരണം ആരാണ് ഇവിടത്തെ എം.എൽ.എ. എന്ന് ചോദിക്കുമ്പോൾ, എന്റെ എന്തോ അപാകത കൊണ്ടാണ് ഇത് സംഭവിക്കുന്നതെന്ന രൂപത്തിലുള്ള പരാമർശങ്ങൾ കേട്ട് കേട്ട് മടുത്ത ഒരു ജനപ്രതിനിധിയാണ്. 2007-ൽ ആരംഭിച്ച ഇതിന്റെ പ്രവർത്തനം ഇപ്പോഴും വളരെ മന്ദഗതിയിൽ പോകുന്നുവെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. 2007-ൽ ഏകദേശം 3 കോടി രൂപയ്ക്ക് പ്രൊപ്പോസൽ വരികയും ഇപ്പോൾ ഏതാണ്ട് 78 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി കിഫ്ബിയിൽ നിന്ന് ഫണ്ട് അനുവദിക്കുകയും ആയതിന്റെ നടപടികൾ പൂർത്തീകരിച്ച് റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷനെ ചുമതല ഏൽപ്പിക്കുകയും അതിനുശേഷം കിഡ്കോ അതിന്റെ പ്ലാൻ തയ്യാറാക്കുകയും ചെയ്തു. അതുമായി ബന്ധപ്പെട്ട 2013-ലെ ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരം ആവശ്യമായിട്ടുള്ള 50 ലക്ഷം രൂപ റവന്യൂ വകുപ്പിന് കൈമാറുകയും അതിന്റെ സ്ഥല നിർണ്ണയവുമായി ബന്ധപ്പെട്ട് കല്ലിടുകയും ജോയിന്റ് വെരിഫിക്കേഷൻ നടത്തുകയും ചെയ്തതാണ്. അതിനുശേഷം കോടതിയിൽ ഒരു കേസ്സുണ്ടായിരുന്നു.

എനിക്കുമുമ്പുണ്ടായിരുന്ന ജനപ്രതിനിധിയുടെ കാലത്ത് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് നടത്തിയ നടപടിക്രമങ്ങൾ തെറ്റാണെന്ന് മനസ്സിലാക്കി ബഹുമാനപ്പെട്ട ഹൈക്കോടതി ഇതുമായി ബന്ധപ്പെട്ട നടപടികൾ അന്ന് നിർത്തിവച്ചു. പിന്നീട് അതിന് കോടതി അനുവാദം നൽകി. ഇതിന്റെ ഓരോ ഘട്ടത്തിലും ഞാൻ ഇടപെട്ടതുമാണ്. ഇപ്പോഴുള്ള ഒരവസ്ഥ, 50 ലക്ഷം രൂപ ലഭിച്ചുവെങ്കിലും ആദ്യത്തെ പ്ലാൻ മാറ്റേണ്ടതായി വന്നു. അഡീഷണലായി സ്ഥലം ഏറ്റെടുക്കേണ്ടി വന്നതുകൊണ്ട് ആദ്യത്തെ സോഷ്യൽ ഇംപാക്ട് സ്റ്റഡി മാറ്റി രണ്ടാമതൊരു സോഷ്യൽ ഇംപാക്ട് സ്റ്റഡിക്ക് ഗവൺമെന്റ് ഉത്തരവ് നൽകി. ആ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രാഥമിക സോഷ്യൽ ഇംപാക്ട് സ്റ്റഡി നടത്തി റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. പക്ഷേ സബ്ഡിവിഷനുൾപ്പെടെയുള്ള കാര്യങ്ങൾ തീരുമാനിച്ച് 11(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പല കാരണങ്ങൾ പറഞ്ഞ്, ഇലക്ഷൻ പ്രചരണത്തിന്റെ കാര്യവും പറഞ്ഞ് മൂന്ന് മാസക്കാലം മാറ്റിവയ്ക്കുകയും ചെയ്തു. കഴിഞ്ഞ ഫെബ്രുവരിയിൽ പണം കിട്ടിയതാണ്. റവന്യൂ ഡിപ്പാർട്ടുമെന്റ് ഈ വിഷയത്തിൽ ആദ്യം ഉദ്യോഗസ്ഥൻമാരുടെ കുറവുണ്ടെന്ന് പറഞ്ഞു. ഇപ്പോൾ ഉദ്യോഗസ്ഥൻമാരെ

കിട്ടിയെങ്കിലും നടപടിക്രമങ്ങൾ വൈകുന്നുവെന്നുള്ളതാണ് വസ്തുത. 11(1) നോട്ടിഫിക്കേഷൻ വന്ന് ഭൂമി വിലകൊടുത്ത് ഏറ്റെടുത്ത് ബൈപാസ് നിർമ്മാണം പൂർത്തീകരിക്കണമെങ്കിൽ ഇനിയും കുറഞ്ഞത് രണ്ടുവർഷമെങ്കിലുമെടുക്കും. ഈ രണ്ട് വർഷക്കാലം കാഞ്ഞിരപ്പള്ളിയിലൂടെയും കിഴക്കൻ മേഖലയിലൂടെയും കടന്നുപോകുന്ന ജനങ്ങൾ ഇത്തരം ദുരിതമനുഭവിക്കേണ്ടി വരുന്നത് വളരെ ദുഃഖകരമായ കാര്യമാണ്. ഇനിയുള്ള നടപടിക്രമങ്ങളെല്ലാം റവന്യൂ ഡിപ്പാർട്ടുമെന്റാണ് നടത്തേണ്ടതെന്നാണ് ഈ വിഷയവുമായി ബന്ധപ്പെട്ട് എനിക്ക് സൂചിപ്പിക്കാനുള്ളത്. അക്കാര്യത്തിൽ വളരെ പെട്ടെന്ന് തന്നെ സബ്ഡിവിഷനൾപ്പെടെയുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് 11(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചുകൊണ്ട് ഭൂമി ഏറ്റെടുക്കാനുള്ള നടപടിക്രമങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള തീരുമാനം റവന്യൂ ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. ഇത് ആ പ്രദേശത്തിന്റെ സാമൂഹ്യപരമായ വികസനത്തിന്റെ പ്രശ്നമാണ്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ കാഞ്ഞിരപ്പള്ളിയുടെ മാത്രമല്ല കിഴക്കൻ മേഖലയുടെ പ്രധാനപ്പെട്ട കവാടമെന്ന നിലയിൽ ആ പ്രദേശത്തെ ഏറ്റവും അടിയന്തരമായ പ്രശ്നമാണിത്. അതിനാൽ ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട

വകുപ്പുമന്ത്രി അടിയന്തരമായി ഇടപെടണമെന്ന് ആവശ്യപ്പെടുകയാണ്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ബഹുമാനപ്പെട്ട കാഞ്ഞിരപ്പള്ളി എം.എൽ.എ. ഡോ. എൻ. ജയരാജ് ഇവിടെ ഉന്നയിച്ചിട്ടുള്ള വിഷയത്തിന്റെ തുടർനടപടികൾ നടന്നുവരികയായിരുന്നു. അദ്ദേഹം ചൂണ്ടിക്കാട്ടിയതുപോലെ ആദ്യം ആവശ്യപ്പെട്ടതിൽ കൂടുതൽ സ്ഥലത്തിന്റെ ആവശ്യകത വന്നതിനെ തുടർന്നുണ്ടായ കാലതാമസവും അതിന്റെ പരിശോധനകൾ പൂർത്തീകരിക്കുന്നതിനുവേണ്ടി സാമൂഹ്യാഘാത പഠനം നടത്തുന്നതിനുള്ള നടപടികളെല്ലാം ആയപ്പോഴാണ് താമസം വന്നത്. കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി താലൂക്ക് കാഞ്ഞിരപ്പള്ളി വില്ലേജ് ബ്ലോക്ക് 11-ൽ 308.13 ആർ സ്ഥലം കാഞ്ഞിരപ്പള്ളി ബൈപ്പാസ് നിർമ്മാണത്തിനായി ഏറ്റെടുക്കുന്നതിന് പൊതുമരാമത്ത് വകുപ്പിൽനിന്ന് അർത്ഥന ലഭിച്ചതിൻപ്രകാരം സാമൂഹ്യാഘാത പഠനം നടത്തുന്നതിനായി ശ്രീ. സാജു. വി. ഇട്ടി, എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള വോളണ്ടറി ഹെൽത്ത് സർവ്വീസ് മുള്ളൻക്കുഴിയെന്ന ഏജൻസിയെ 08-05-2017-ലെ ഉത്തരവ് പ്രകാരം ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. പ്രസ്തുത ഏജൻസി അന്തിമ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ഈ അവസരത്തിലാണ് പൊതുമരാമത്ത് വകുപ്പിൽനിന്നും

കാഞ്ഞിരപ്പള്ളി ബൈപ്പാസ്സിന്റെ നിർമ്മാണച്ചുമതല ആർ.ബി.ഡി.സി.കെ.യ്ക്ക് കൈമാറിയിട്ടുള്ളതായി ജില്ലാ കളക്ടർ അറിയിക്കുന്നത്. പ്രസ്തുത പ്രോജക്ടിന്റെ നിർമ്മാണച്ചുമതല ആർ.ബി.ഡി.സി.കെ.യ്ക്ക് കൈമാറിയതിനെ തുടർന്ന് പൊതുമരാമത്ത് വകുപ്പ് നൽകിയിട്ടുള്ള requisition-ൽ ചില മാറ്റങ്ങൾ ആവശ്യമായി വരുന്നതിനാൽ 80.27 ആർ വസ്തുകൂടി അധികം ചേർത്ത് 388.40 ആർ വസ്തു കാഞ്ഞിരപ്പള്ളി ബൈപ്പാസ് നിർമ്മാണത്തിനായി ഏറ്റെടുക്കുന്നതിന് പുതിയ അർത്ഥന നൽകിയിട്ടുള്ളതാണ്. പുതിയ അർത്ഥന പ്രകാരം അധികം വന്ന 80.27 ആർ ഭൂമിയുടെ സാമൂഹ്യാഘാത പഠനം നടത്തുന്നതിലേയ്ക്കും 22-02-2019-ലെ സർക്കാർ ഉത്തരവുപ്രകാരം ശ്രീ. സാജു. വി. ഇട്ടി, കേരള വോളണ്ടറി ഹെൽത്ത് സർവ്വീസ്, മുള്ളൻകുഴി എന്ന ഏജൻസിയെത്തന്നെ നിയമിച്ച് ഉത്തരവായിട്ടുള്ളതാണ്. സാമൂഹ്യാഘാത പഠനം നടത്തുന്ന അവസരത്തിൽ നഷ്ടപരിഹാരത്തിന്റെ 5 ശതമാനമോ അല്ലെങ്കിൽ 50 ലക്ഷം രൂപയോ ഏതാണോ കുറവ് ആയത് അർത്ഥനാധികാരി ബന്ധപ്പെട്ട ശീർഷകത്തിൽ അടയ്ക്കേണ്ടതായിട്ടുണ്ട്. എന്നാൽ കണ്ടിൻജൻസി ചാർജ്ജ് അടയ്ക്കാനാവശ്യപ്പെട്ടിരുന്നെങ്കിലും 3 ലക്ഷം രൂപ മാത്രമാണ് ആദ്യം നൽകിയിരുന്നത്. കണ്ടിൻജൻസി ചാർജ്ജിനത്തിൽ ബാക്കി അടവ്

വരുത്താനുള്ള 47 ലക്ഷം രൂപ 03-04-2019-ന് മാത്രമാണ് ആർ.ബി.ഡി.സി.കെ. കെട്ടിവച്ചത്. അർത്ഥനാധികാരി യഥാസമയം കണ്ടിൻജൻസി ചാർജ്ജ് അടയ്ക്കാത്തതിനാലാണ് കാഞ്ഞിരപ്പള്ളി ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട സാമൂഹ്യാഘാതപഠനം നടത്തുന്നതിന് കാലതാമസം നേരിട്ടത്. സാമൂഹ്യാഘാത പഠനം നടത്തുന്നതിന് നിയോഗിച്ച ഏജൻസി 04-06-2019-ൽ കരട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പബ്ലിക് ഹിയറിംഗ് നടത്തി അന്തിമ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് 2013-ലെ എൽ.എ.ആർ.ആർ. ആക്ട് അനുശാസിക്കുന്നതുപ്രകാരം തുടർ നടപടി സ്വീകരിച്ച് സ്ഥലമെടുപ്പ് നടപടികളുമായി മുന്നോട്ടുപോകുന്നതാണ് എന്നാണ് ഇതുമായി ബന്ധപ്പെട്ട് അറിയിക്കാനുള്ളത്.

ഡോ. എൻ. ജയരാജ്: 04-06-2019-ൽ പ്രാഥമിക റിപ്പോർട്ട് സമർപ്പിച്ചതാണ്. ആവശ്യമായ പണവും റവന്യൂ ഡിപ്പാർട്ടുമെന്റിന്റെ കൈവശമുണ്ട്. ഇനിയും മുന്നോട്ടുപോകാതിരുന്നാൽ, കാരണം വസ്തു ഉടമസ്ഥൻമാർക്ക് തർക്കമില്ല. സബ് ഡിവിഷൻ ഉൾപ്പെടെയുള്ള കാര്യങ്ങളുമായി ബന്ധപ്പെട്ടുള്ള നടപടികൾ റവന്യൂ ഡിപ്പാർട്ടുമെന്റിന് simultaneous-ആയി മുന്നോട്ടുകൊണ്ടുപോകാനുള്ള തടസ്സങ്ങൾ

യഥാർത്ഥത്തിലില്ല. സാമൂഹ്യാഘാതപഠന റിപ്പോർട്ട് വന്നതിനുശേഷം മാത്രമേ സർവ്വെ ആരംഭിക്കാൻ സാധിക്കുകയുള്ളൂവെന്ന സാങ്കേതിക കാര്യങ്ങൾ പറഞ്ഞുകൊണ്ടാണ് റവന്യൂ ഡിപ്പാർട്ടുമെന്റ് ഇപ്പോൾ താമസിപ്പിക്കുന്നത്. അതിനൊരു നിർദ്ദേശം കൊടുത്താൽ, സാമൂഹ്യാഘാത പഠനത്തിന്റെ അന്തിമ റിപ്പോർട്ട് 23-ാം തീയതി സബ്മിറ്റ് ചെയ്യുമെന്നാണ് എന്നോട് പറഞ്ഞിട്ടുള്ളത്. അപ്പോൾ ഓട്ടോമാറ്റിക്കായി തന്നെ 11(1) നോട്ടിഫിക്കേഷനിൽ പോകാൻ സാധിക്കും. വെറുതെ സമയം നഷ്ടപ്പെടുത്തുന്നുവെന്നതാണ് ഞാൻ പറഞ്ഞതിന്റെ പ്രധാനപ്പെട്ട കാര്യം. ഇപ്പോൾ 78.5 കോടി രൂപ കോസ്റ്റ് ഓഫ് പ്രൊഡക്ഷൻ വരുന്ന ഒരു പദ്ധതി വൈകുംതോറും പിന്നെയും പിന്നെയും അതിന്റെ ചെലവ് വർദ്ധിക്കുകയും സമയം വെറുതേ നഷ്ടപ്പെടുകയും ചെയ്യും. ഇക്കാര്യത്തിൽ അടിയന്തരമായി ഇടപെടണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: 04-06-2019-ൽ സാമൂഹ്യാഘാത പഠനവുമായി ബന്ധപ്പെട്ട കരട് റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. അന്തിമ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് അതിന്റെ തുടർനടപടിയായി ഭൂമി ഏറ്റെടുക്കൽ നടപടിയുമായി മുന്നോട്ടുപോകാൻ കഴിയുമോ എന്നതിനെക്കുറിച്ച് പരിശോധിച്ച് ആവശ്യമായ

**തീരുമാനമെടുക്കാം.**